പതിമൂന്നാം കേരള നിയമ സഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ . 178 3-10-2011-ൽ മറുപടിക്ക്

കെ.പി.എസ്.സിയിലെ ഓൺലൈൻ അപേക്ഷാ രീതി വിപുലപ്പെടുത്താൻ നടപടി

ചോദ്യം

ശ്രീ. എം. വി ശ്രേയാംസ്കുമാർ

ഉത്തരം
ശ്രീ. ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

(എ)കെ.പി.എസ്.സിയിൽ അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്ഥിരം രജിസ്റ്റർ നമ്പറും പാസ്‌വേഡും നൽകുന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം ഒരു തവണ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അവരുടെവിദ്യാഭ്യാസയോഗ്യതയ്ക്കനുസരിച്ച് എല്ലാ തസ്തികകളിലേക്കും പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) രജിസ്റ്റർ ചെയ്തതിനുശേഷം ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്ന അധിക വിദ്യാഭ്യാസയോഗ്യത നേരത്തേ തയ്യാറാക്കിയിരിക്കുന്ന അവരുടെ പ്രൊഫൈലിൽ ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) ഓരോ തസ്തികയ്ക്കുമുള്ള സർട്ടിഫിക്കറ്റ് വെരിഫിക്കേഷനു പകരം ഒറ്റത്തവണ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കുമോ?

(എ) + (ബി) + (സി) + (ഡി)

നിലവിൽ ഡിപ്പാർട്ട്മെന്റൽ പരീക്ഷകൾക്ക് മാത്രമാണ് ഒറ്റത്തവണ രജിസ്ട്രേഷൻ നടപ്പിലാക്കിയിട്ടുള്ളത്. വിവിധ തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഒറ്റത്തവണ രജിസ്ട്രേഷൻ നടപ്പിലാക്കാൻ കമ്മീഷൻ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുവരികയാണ്. ഇക്കാര്യത്തിൽ അന്തിമ തീരുമാനങ്ങളൊന്നും ആയിട്ടില്ല.

സെക്ഷൻ ഓഫീസർ